മിസ്റ്റർ ആർ. എസ്സ്. തേവണ്ണഗൌണ്ടർ: എന്നോടു് അനേഷിക്കുവാൻ വല്ല വിരോധവുമുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഞാനല്ല അനേഷിച്ചതു്. എന്തുകൊണ്ടാണു് എം. എൽ. സി. യോടു് ചോദിക്കാതിരുന്നതെന്നു് അനേഷണം നടത്തിയ ആളോടു ചോദിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ചില എം. എൽ. സി. മാർ അറിവുകൊടുത്താൽ ചിലർ വരാറുണ്ടു്. ചിലർ വരാറില്ലെന്നു പറഞ്ഞു. അങ്ങിനെ വരാത്തവർ കൂടുമില്ലാത്തതിനെക്കുറിച്ചു് ആക്ഷേപിക്കയുണ്ടായിട്ടുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെ വരാത്തവരുടേയും മറവും പേരുകളും ദയവായി എന്നെക്കൊണ്ടു് പറയിക്കാതിരിക്കുകയായിരിക്കും നല്ലതു്.

മിസ്റ്റർ പി. നാരായണമേനോൻ: മണലൂർ പുതിയതായി കഴിക്കുവാൻ ആർഡർ കൊടുത്തിട്ടുള്ളതിനു പുറമെ വേറെ വല്ല പൊതുകളങ്ങളുമുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഏതൊ ചിലതുണ്ടു്. പക്ഷെ അവ ഉപയോഗിക്കത്തക്കു നിലയിലുള്ളവയല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഏതായാലും കൊഴിഞ്ഞാമ്പാറയിൽ കുളം ആവശ്യമുണ്ടോ എന്നുള്ളതിനെക്കുറിച്ചു ഒന്നുകൂടി അനേഷിക്കാമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അനേഷിക്കാം.

SHED—MAHARAJA'S COLLEGE PLAY GROUND

466. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി നൽകുമോ.—

(എ) യുദ്ധപ്രദർശനാവശ്യത്തിലേക്കായി മഹാരാജാസ് കോളേജ് പ്ലേഗ്രൌണ്ടിൽ കെട്ടിയ കൊട്ടക ആരുടെ ചിലവിന്മേലാണു് കെട്ടിയതു്;

(ബി) ഗവൺമെണ്ടു ചിലവിന്മേലാണെങ്കിൽ ആകെ എന്തു ചിലവായി;

(സി) യുദ്ധപ്രദർശനാനന്തരം ആ കൊട്ടക ലേലംചെയ്തു കൊടുത്തോ;

(ഡി) ലേലം ചെയ്തുവെങ്കിൽ എന്തു തുകക്കു ലേലംചെയ്തു;

(ഇ) ലേലം ചെയ്തില്ലെങ്കിൽ എന്തുകൊണ്ടു്;

(എഫ്) ലേലം ചെയ്തില്ലെങ്കിൽ ഇപ്പോഴും ആ കൊട്ടകയുടെ സ്ഥിതിയെന്തു്;

(ജി) ഈ ഇനത്തിൽ ഗവൺമെണ്ടിനു് എന്തു നഷ്ടമുണ്ടായിട്ടുണ്ടു്;

(എച്ച്) ആരാണു് ആ നഷ്ടത്തിനു് ഉത്തരവാദി?

രാമവർമ്മ തമ്പുരാൻ:

(എ) ഗവൺമെണ്ടു് ചിലവിന്മേൽ.

(ബി) [illegible].

(സി) & (ഡി) ആ കൊട്ടക ലേലംചെയ്തു കൊടുത്തിട്ടില്ല.

(ഇ) മഹാരാജാസ് കോളേജു് കട്ടികൾക്കു് ഉപയോഗിക്കുന്നതിന്നായി കൊട്ടക കോളേജ് പ്രിൻസിപ്പാളിനു് വിട്ടുകൊടുത്തു.

(എഫ്) ആ കൊട്ടക മഹാരാജാസ് കോളേജിലെ തൽക്കാലത്തേക്കുള്ള വ്യായാമശാലയായി ഉപയോഗിച്ചുപോരുന്നു. വരുന്ന വർഷക്കാലംവരെ യാതൊരു ബുദ്ധിമുട്ടും കൂടാതെ ആ കൊട്ടകയെ ഉദ്ദേശിച്ചിരിക്കുന്ന കാര്യത്തിനു് സൌകര്യമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നതരത്തിലുള്ളതാണു് അതിന്റെ ഇപ്പോഴത്തെ സ്ഥിതി. മേൽക്കൂര നന്നാക്കി വീണ്ടും ഓല മേയുന്നതായാൽ ഒന്നോ രണ്ടോ കൊല്ലത്തേക്കുകൂടി അതിനെ ഉപയോഗിക്കാവുന്നതാണു്.

(ജി) & (എച്ച്) ഉത്തരം ആവശ്യമില്ല.

CONTROLLED ARTICLES—DISPENSARIES AT TRIPPUNITHURA

467. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) തൃപ്പൂണിത്തുറ (ഏ) ഭാരത ഡിസ്പെൻസറി (ബി) കൃഷ്ണഡിസ്പെൻസറി (സി) കെ. ആർ. മേനോൻ & ബ്രദേഴ്സ് ഡ്രഗിസ്റ്റ്സ് & കെമിസ്റ്റ്സ് എന്നീ സ്ഥാപനങ്ങൾക്കു് എന്തെല്ലാം കൺട്രോൾഡ് പദാർത്ഥങ്ങൾ വില്ക്കുന്നതിനാണു് ലൈസൻസ്സ് കൊടുത്തിട്ടുള്ളതു്;

LIBRARY ARCHIVES Kerala Legislative Assembly